DESPATCHED
On 9/2/22

30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.2691(5)/19/SIC

## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No. 20505/SIC-G7/2019

**സന്നിഹിത**

**ശ്രീമതി ശ്രീലത പി.ആർ.,സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി: 30.12.2021**

| | |
|---|---|
| **ശ്രീമതി ലൈല,<br>W/o ഹംസ,<br>കല്ലിപറമ്പിൽ വീട്,<br>കൈതക്കൽ സൗത്ത്,<br>തളിക്കുളം പി.ഒ, പിൻ – 680 569.** | **അപ്പീൽ ഹർജിക്കാരി** |
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>തളിക്കുളം വില്ലേജ് ഓഫീസ്,<br>തൃശ്ശൂർ.<br><br>അപ്പീൽ അധികാരി &<br>തഹസിൽദാർ (ഭൂരേഖ),<br>താലൂക്ക് ഓഫീസ്, ചാവക്കാട്.** | **എതിർകക്ഷികൾ** |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 30.09.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 22.10.2019 |
| ഒന്നാംഅപ്പീൽ | 28.10.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 15.11.2019 |
| രണ്ടാംഅപ്പീൽ | 11.12.2019 |
| ഹിയറിംഗ്തീയതി, സ്ഥലം | 26.10.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരി | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ എസ്.പി.ഐ.ഒ യോട് ആവശ്യപ്പെട്ടത്, തളിക്കുളം സർവ്വെ 311,313 നമ്പറുകളിലെ ബി.റ്റി.ആർ പകർപ്പാണ്. ടിയാരി ആവശ്യപ്പെട്ട പകർപ്പ് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. തുടർന്ന് കമ്മീഷൻ ഇരുകക്ഷികളേയും ടെലഫോൺ മുഖാന്തിരം കേൾക്കുകയുണ്ടായി.

2. നേർവിചാരണയിൽ പങ്കെടുത്ത അപ്പീൽഹർജിക്കാരി കമ്മീഷനെ അറിയിച്ചത്, ബി. റ്റി.ആറിന്റെ പകർപ്പ് ലഭ്യമാക്കണമെന്നാണ്.

3. സർവ്വെ സബ് ഡിവിഷൻ നമ്പറിന്റെ ബി.റ്റി.ആർ പകർപ്പ് അനുവദിക്കുന്നതിന് സർക്കാർ അദാലത്ത് നിശ്ചയിച്ചിരുന്ന 301/- രൂപ അടയ്ക്കുവാൻ ആവശ്യപ്പെട്ട് 22.1.2019 ന് ടിയാരിയെ അറിയിച്ചു എന്നും ബി.റ്റി.ആറിലുള്ള വിവരങ്ങൾ ആവശ്യമെങ്കിൽ അതിലുള്ള വിവരങ്ങൾ നൽകാൻ തയ്യാറാണെന്നും എസ്.പി. ഐ.ഒ അറിയിച്ചു.

4. വിവരാവകാശ നിയമത്തിലെ 7(5) വകുപ്പ് പ്രകാരം അപേക്ഷകൻ ആവശ്യപ്പെടുന്ന പകർപ്പുകൾക്ക് ഈടാക്കേണ്ട ഫീസ് ന്യായമായിരിക്കണമെന്ന് വളരെ വ്യക്തമാണ്. അപ്രകാരം തന്നെ റിട്ട് പെറ്റീഷൻ (സിവിൽ) നമ്പർ 194/2012 ലെ 20.03.2018 തീയതിയിലെ വിധിയിൽ ബഹു. സുപ്രീംകോടതി, വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിൽ സാധാരണയായി 50/- രൂപയിൽ കൂടുതൽ ഫീസ് ഈടാക്കരുതെന്നും വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്ക് പേജൊന്നിന് 5/- രൂപയിൽ കൂടുതൽ ഈടാക്കരുതെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്ക് ബന്ധപ്പെട്ട വകുപ്പോ അധികാര സ്ഥാനമോ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കുവാൻ പാടുള്ളതല്ല എന്നും വിവരാവകാശ നിയമപ്രകാരമുള്ള ഫീസേ ഈടാക്കാവു എന്നും WP ( C) 18118/2017 നമ്പർ കേസിൽ ബഹു. കേരളഹൈക്കോടതിയുടെ 06.06.2017 ലെ വിധിയും വ്യക്തമാക്കിയിട്ടുള്ളതാണ്. വിവരാവകാശ നിയമ പ്രകാരം A4 സൈസിലുള്ള പേജൊന്നിന് 3/- രൂപ മാത്രമാണ് ഈടാക്കേണ്ടത് എന്ന് **Kerala Right to Information (Regulation of fee and Cost) Amendments Rules 2021** ൽ പ്രസ്താവിച്ചിട്ടുള്ള സാഹചര്യത്തിൽ സാധാരണയായി അപേക്ഷകരിൽ നിന്നും ഈടാക്കുന്ന ഉയർന്ന നിരക്കിലുള്ള തുക വിവരാവകാശ

നിയമപ്രകാരം ഈടാക്കാൻ സാധിക്കുന്നതല്ല എന്ന് കമ്മീഷൻ വ്യക്തമാക്കുന്നു. ആകയാൽ വിവരാവകാശ നിയമപ്രകാരം A4 സൈസിലുള്ളതാണെങ്കിൽ ആയതിന് പേജ് ഒന്നിന് 3/- രൂപയും A4 സൈസിനു മുകളിൽ ഉള്ളതാണെങ്കിൽ പേജ് ഒന്നിന് യഥാർത്ഥത്തിൽ ഫോട്ടോകോപ്പി എടുക്കുന്നതിന് ചെലവാകുന്ന തുകയുമാണ് വിവരാവകാശ നിയമപ്രകാരം ഈടാക്കേണ്ടത്. കൂടാതെ ബഹു. സുപ്രീം കോടതി WP(C) 194/2012 നമ്പർ കേസിലെ 20.03.2018 ലെ വിധിയിൽ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്ക് പേജൊന്നിന് 5/- രൂപയിൽ കൂടുതൽ ഫീസ് ഈടാക്കരുതെന്നും അപ്രകാരം ഫീസ് ഈടാക്കുന്ന ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനുള്ളിൽ ടിയാരി ആവശ്യപ്പെട്ട ബി.റ്റി.ആറിന്റെ വിവരാവകാശ നിയമ പ്രകാരമുള്ള ഫീസ് ഈടാക്കി നൽകുവാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

6. ഇപ്രകാരം ഇന്നേ ദിവസം 2021 ഡിസംബർ മാസം 30-ാം തീയതി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി